# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 328

14.03.2017 — ൽ മറുപടിക്ക്

## ഭക്ഷ്യഭദ്രതാ നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോ എബ്രഹാം<br>,, മുല്ലക്കര രത്നാകരൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) | |
| (എ) | ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഭക്ഷ്യഭദ്രതാ സമ്പ്രദായത്തിലേക്ക് മാറുമ്പോൾ ജില്ലാതലത്തിൽ ഏതെങ്കിലും ജില്ലയ്ക്ക് മുമ്പ് ലഭിച്ചതിലും അധികം ധാന്യങ്ങൾ ലഭിക്കുമോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായ ത്തിൽ കാർഡ് അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യം വിതരണം നടത്തിയിരുന്നത്. എന്നാൽ ഭക്ഷ്യഭദ്രതാ നിയമ പ്രകാരം എ.എ.വൈ. ഒഴികെയുള്ള മുൻഗണനാ വിഭാഗത്തിന് ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നത്. അന്തിമ പട്ടികയുടെ അടിസ്ഥാനത്തിൽ ജില്ലകൾക്കുള്ള വിഹിതം തിട്ടപ്പെടുത്തി വരുന്നു. |
| (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുമ്പോൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പ്രതിമാസ ധാന്യ വിഹിതത്തിൽ എത്ര കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് പറയുമോ; | (ബി) | പ്രതിമാസം 14666.67 മെട്രിക് ടൺ ധാന്യത്തിന്റെ കുറവുണ്ടായിട്ടുണ്ട്. |
| (സി) | ഈ കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യ ങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി OMSS ഇക്കണോമിക് നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയും സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണം നടത്തുന്നുണ്ട്. |

*സെക്ഷൻ ഓഫീസർ*